# വചനഭാഷ്യം
# അൽമായ വീക്ഷണത്തിൽ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**

7-ാം വർഷം

MALAYALAM - http://homilieslaity.com | ENGLISH (for Children) - http://gospelreflectionsforkids.com

കൈത്താ രണ്ടാം ഞായർ

2022
ആഗസ്റ്റ് 07




# നല്ല ഭാഗം സ്വന്തമാക്കാം

റൂത്ത് 1:6-18, പ്രഭാ:33:7-13, റോമ 12:3-8, ലൂക്കാ 10:38-42

(പാർട്ട് -1)

എന്റെയും പ്രിയ ഭാര്യ മായയുടെയും അടുത്ത സുഹൃത്ത് ദിലീഷ് പോത്തന്റെ പ്രഥമ ചിത്രമായിരുന്നു മഹേഷിന്റെ പ്രതികാരം'. ആ സിനിമയിലെ നായകനായ ഫഹദ് ഫാസിലിന്റെ മഹേഷ് എന്ന ഫോട്ടോഗ്രാഫർ കഥാപാത്രത്തോട് അപർണയുടെ കഥാപാത്രം പറയുന്ന രസകരമായ ഒരു കമന്റുണ്ട്. 'അപ്പോ, ചേട്ടന് ഇതിനെക്കുറിച്ച് വലിയ ധാരണയൊന്നുമില്ലല്ലേ.' കമന്റ് വൈറലായി, സിനിമ ഹിറ്റായി.

തനിക്കീ ഫോട്ടോഗ്രാഫർ പണി വലിയ തെറ്റില്ലാതെയറിയാം എന്ന് ഉറച്ചു വിശ്വസിച്ചിരുന്ന മഹേഷിന്റെ ആത്മവിശ്വാസത്തിന്റെ നെറുകയിൽ കിട്ടിയ അടിയായിരുന്നു നായികയുടെ പരാമർശം. പതറിപ്പോയ നായകൻ പിന്നീട് കടന്നു പോകുന്ന നാൾവഴികളൊക്കെ സിനിമയെ രസകരമാക്കുന്നുണ്ട്.

## കവി ഉദ്ദേശിച്ചത്

ആറാം ക്ലാസിൽ പഠിക്കുമ്പോഴാണ് ഞാൻ ആദ്യത്തെ ലീഡർഷിപ്പ് ക്യാമ്പിൽ പങ്കെടുക്കുന്നത്. ചെറുപുഷ്പ മിഷൻലീഗാണ് തുടക്കം. കെസിഎസ്എൽ, കെസിവൈഎം, ജീസസ് യൂത്ത്, സിഎസ്എം തുടങ്ങി കുറെ പ്രസ്ഥാനങ്ങൾ. എന്താണ് നേതൃത്വം, ആരാണ് നേതാവ് എന്നൊക്കെയുള്ള ക്ലാസുകൾ, ഞാൻ പങ്കെടുത്ത ക്യാമ്പുകളിൽ കൂടുതലായി കൈകാര്യം ചെയ്തത് ബഹുമാനപ്പെട്ട വൈദികരും അല്മായ പ്രമുഖരുമൊക്കെയായിരുന്നു. ഒരു




ഡോ. വിപിൻ വി. റോൾഡന്റ്

സംഘത്തെ എങ്ങിനെ നയിക്കണം, ദീർഘവീക്ഷണമുള്ള നേതാവായിട്ട് എങ്ങനെ മാറാം, തർക്കങ്ങൾ വരുമ്പോൾ പരസ്പര ബഹുമാനത്തോടെ എങ്ങിനെയത് പരിഹരിക്കാം എന്നൊക്കെ ക്യാമ്പുകളിലും സെമിനാറുകളിലും കുർബാന മധ്യെയുമൊക്കെ വളർന്നു വരുന്ന തലമുറയ്ക്ക് വിദഗ്ധ ഉപദേശങ്ങൾ നൽകിവരുന്ന, നീണ്ട കാലം ഫോർമേഷൻ കിട്ടിയവർ തന്നെ അവർ പഠിച്ചതും പഠിപ്പിച്ചതും വിഴുങ്ങുന്നതും, പല പ്രശ്നങ്ങളിലും ഉത്തമനേതൃത്വ ഗുണമില്ലാതെ പെരുമാറുന്നതും, ദീർഘവീക്ഷണമില്ലാത്ത തീരുമാനങ്ങളെടുക്കുന്നതും, നിസാരമായി പരിഹരിക്കാവുന്ന പല പ്രശ്നങ്ങളെയും അക്ഷരാഭ്യാസം പോലുമില്ലാത്തവർ കൈകാര്യം ചെയ്യാവുന്നതിലും അധ:പതിച്ച രീതിയിൽ കൈകാര്യം ചെയ്യുന്നത് കാണുകയും ചെയ്യുമ്പോൾ 'മഹേഷിന്റെ പ്രതികാര'ത്തിലെ അപർണയുടെ ഡയലോഗ് ജനമനസുകളിൽ തെളിയാം, 'അപ്പോ, ചാച്ചൻമാർക്ക് ഈ നേതൃത്വകലയെക്കുറിച്ചും പരസ്പര ബഹുമാനത്തെക്കുറിച്ചും പ്രശ്നപരിഹാരമാർഗങ്ങളെക്കുറിച്ചും വലിയ ധാരണയൊന്നുമുണ്ടായിരുന്നില്ലല്ലേ' എന്ന്.

## 'വിരോധാഭാസം യൂണിവേഴ്സിറ്റി'...

ക്രിസ്തീയ ക്യാമ്പുകൾ പലതും പലവട്ടം കൂടിയെങ്കിലും 'ക്രിസ്ത്യൻ ലീഡർഷിപ്പ്' എന്ന വിഷയം കാര്യമായി പങ്കുവെയ്ക്കപ്പെട്ടിരുന്നില്ല എന്നത് ഇന്നാ ലോചിക്കുമ്പോൾ കൗതുകമുണർത്തുന്നു. സഭാ നേതാക്കൾക്കും, ക്രിസ്തീയ 'നേതൃത്വവിദഗ്ധർ'ക്കും ക്രിസ്തീയ നേതൃത്വശൈലിയെക്കുറിച്ച് 'വല്യധാരണയൊന്നും ഇല്ല' എന്നതും സമകാലിക തുടർസംഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. വെറൊരു കൗതുകകരമായ സംഗതി 'ക്രിസ്ത്യൻ ലീഡർഷിപ്പ്' ഏറ്റവും കുറച്ച്, സാധിക്കുമെങ്കിൽ അതീവമിതത്വത്തിൽ പരിശീലിക്കപ്പെടുന്നത് ക്രൈസ്തവർക്കിടയിലും ക്രൈസ്തവസ്ഥാപനങ്ങളിലുമാണ് എന്നതാണ്. ലോകത്ത് ഒട്ടനവധി ആളുകൾ ക്ഷമയും (Forgiveness), നന്ദിയും (Gratitude), നിരുപാധിക സ്നേഹവും (Unconditional Love) വി.ബൈബിളിൽ നിന്ന് കണ്ടെടുത്ത്, അവ പരിശീലിച്ച് (Positive Psychology) ജീവിത വിജയം നേടാൻ അത്യാവേശത്തോടെ പരിശ്രമിക്കുമ്പോൾ 'പല്ലിനു പകരം പല്ല്, കണ്ണിന് പകരം കണ്ണ്' മെത്തഡോളജി ആണ് അടിപൊളി എന്ന് ചിന്തിക്കുന്നവരായി നമ്മൾ മാറിയാൽ അത് 'വിരോധാഭാസം യൂണിവേഴ്സിറ്റി'യുടെ സിലബസ് ആണെന്ന് മനസിലാക്കാൻ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് ആവശ്യമില്ല.

## മിസ് മർത്ത... മിസ് മറിയം..

ഈ പറഞ്ഞുവന്നതെല്ലാം ബൈബിളിലെ മിസ് മാർത്തയെക്കുറിച്ചും മിസ് മറിയത്തെക്കുറിച്ചും അവരിലൂടെ വെളിവാക്കപ്പെട്ട നേതൃത്വശൈലിയെക്കുറിച്ചും മനസിലാക്കാൻ വേണ്ടിയാണേ.. (ലൂക്കാ 10:38-42). അപാരമായ കഴിവുകളുടെ ഉടമയായ 'പലവിധ ശുശ്രൂഷകൾ സ്പെഷ്യലിസ്റ്റ്' മർത്തയും 'വചനശ്രവണ മനന സെപഷ്യലിസ്റ്റ്' മറിയവും ബിഗ് ബോസ്സ് മത്സരാർഥികളായി നമ്മുടെ മുമ്പിൽ നിൽക്കുകയാണ്. ഒരാളുടെ പിന്നാലെ മൂന്നു നാലു ക്യാമറകൾ ഓടി നടക്കേണ്ടതുണ്ട്. അയാൾ വ്യഗ്രചിത്തയായതുകൊണ്ടും അമൂല്യ വചസുകൾ പറഞ്ഞുകൊണ്ടിരുന്ന മാസ്റ്ററിന്റെ അടുത്തുവന്ന്, അവിടെ സ്വസ്ഥമായി ധ്യാനിച്ചുകൊണ്ടിരുന്ന വളെവരെ കുറ്റപ്പെടുത്തി' ഞാൻ മാത്രമേയുള്ളു ഇവിടെ എന്തെങ്കിലും ചെയ്യാൻ' എന്ന മട്ടിലും, 'ഇയാളീ വേണ്ടുന്നിടത്തും വേണ്ടാത്തിടത്തുമുള്ള ഈ വചനവാചകമടി' ഒന്നു നിർത്തിത്തരുവാണെങ്കിൽ ലെവളെയൊന്ന് അടുക്കളേലേക്ക് കിട്ടുവായിരുന്നു, ഇത്തിരി പാത്രം കഴുകാനുണ്ട്' എന്ന മട്ടിലും സംസാരിക്കുന്നതുകൊണ്ടും ഒരുപാട് ഭാവങ്ങൾ ഒപ്പിയെടുക്കാൻ ക്യാമറാമാൻമാർ നന്നേ ശ്രമിക്കേണ്ടതുണ്ട്.

പ്രവർത്തനമികവിന്റെ വിശിഷ്ട സേവാമെഡലിന് ആപ്ലിക്കേഷൻ അയയ്ക്കാൻ ഈ പ്രവർത്തന വീഡിയോയും വാർഷിക പ്രവർത്തനറിപ്പോർട്ടുമൊക്കെ പ്രയോജനപ്പെടുകയും ചെയ്യും!.

ഗുരുപാദത്തിങ്കൽ ഇരുന്ന മത്സരാർത്ഥിക്ക് പഴയ ദൂരദർശൻ മോഡൽ ഒരു സിംഗിൾ ക്യാമറ ഷൂട്ട് മതിയായിരിക്കും. ആ മുഖത്ത് വ്യഗ്രതയില്ല, ശാന്തതയാണ്. ശാന്തതയ്ക്ക് പണ്ടേ മാർക്കറ്റില്ല, അതുകൊണ്ട് ഉള്ളതൊക്കെ മതി എന്ന് സംവിധായകർ.

## മിനിമം മനസ്സമാധാനം

നമ്മുടെ പൗലോച്ചൻ റോമാക്കാരോട് പറഞ്ഞ ചില കാര്യങ്ങളുണ്ട്. (റോമ 12). ക്രിസ്തുവിൽ നവജീവിതം, നിങ്ങൾ ഈ ലോകത്തിന് അനുരൂപരാകരുത് (റോമ 12:2) എന്നൊക്കെ എഴുതിയിട്ടുണ്ട്. നിങ്ങളുടെ മനസിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ എന്നും സൂചിപ്പിച്ചി

ട്ടുണ്ട്. എന്തായിരിക്കും അന്നത്തെ ജനങ്ങളെ ക്രിസ്തുവിലേക്ക് ആകർഷിച്ചത് ? മനഃസമാധാനമില്ലാത്ത ലോകത്തിന് മിനിമം അതെങ്കിലും ലഭിക്കുമെന്ന് പ്രതീക്ഷിച്ചിട്ടാകുമോ പലരും ക്രിസ്തു ശിഷ്യരായത് ? അത് അനേകമനേകം ആളുകൾക്ക് കിട്ടിയതുകൊണ്ടാകുമല്ലോ രണ്ടായിരം വർഷം കഴിഞ്ഞിട്ടും 'ക്രിസ്തുബ്രാൻഡ്' ഇന്നും നമ്പർ വൺ ആയി നിൽക്കുന്നത്. അപ്പോൾ ബ്രാൻഡ് മോശമല്ല, കാലാകാലങ്ങളിലെ ബ്രാൻഡ് അംബാസിഡർമാരും മോശമായിരുന്നിരിക്കില്ല. സംഗതി 2022 ൽ എത്തിയപ്പോൾ ബ്രാൻഡ് അംബാസഡർമാരായി സ്വയം അവരോധിച്ചിരിക്കുന്നതും ചാർത്തിത്തന്നിരിക്കുന്നതും നമ്മളെയും നമ്മുടെ നേതാക്കളെയുമാണല്ലോ. ബാറ്റൺ കൈമാറി എന്റെയും നമ്മളുടെയും കൈയിലേക്കെത്തിയപ്പോൾ ഞാൻ സമാധാനത്തിലാണോ ഓടുന്നത്, സമാധാനമാണോ പകർന്നുകൊടുക്കുന്നത്, സമാധാനമുണ്ടോ നമ്മുടെയിടയിൽ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു. ലോകത്തിന്റെ വഴികളിൽ നിന്ന് മനഃസമാധാനം ലഭിക്കാത്തവർ നമ്മുടെ കൂട്ടത്തിലോട്ടു മാറി നമ്മുടെ കൂടെ ഓടാൻ തുടങ്ങിയാൽ മർത്തമോഡൽ വ്യഗ്രതക്കാരായി ആളുകൾ മാറുമോ അതോ മറിയം മോഡൽ ശാന്തരായി ആളുകൾ മാറുമോ..?

## പടകാളി ചണ്ഡിച്ചങ്കരി...

സമാധാനവും സ്വസ്ഥതയും കിട്ടാൻ ക്രിസ്തുവിനെ പിൻചെന്നാൽ മതിയെന്ന് ഏവർക്കും അറിയാം. പക്ഷേ, ക്രിസ്തുവിന്റെ ചില 'ബ്രാൻഡ് അംബാസഡർ' മാരെ കാണുമ്പോൾ, അവരുടെ ഇടയിലുള്ള' പടകാളി ചണ്ഡിച്ചങ്കരി പോർക്കലി മാർഗിനി' ഏറ്റുമുട്ടലുകൾ കാണുമ്പോൾ നെടുമുടി വേണുവിന്റെ ഒരു കഥാപാത്രം ഏതോ സിനിമയിൽ പറയും പോലെ 'വയ്യ... മടുത്തു' എന്നു നിരാശപ്പെട്ടോ, 'കുറച്ചൂടെ ഭേദം കൊയിലാണ്ടിയായിരുന്നു' എന്നു പിറുപിറുത്തോ മനസമാധാനം തേടിവന്നവർ തിരിഞ്ഞ് നടക്കുമോ? ജീവിതത്തിലുണ്ടാകുന്ന പടകൾ പേടിച്ച്, മനസുതകർന്ന് പന്തളത്തു ചെന്ന പലരും അവിടെക്കണ്ടത്, കാണുന്നത് പന്തംകൊളുത്തിപ്പട. സംഗതി ജോറായി.

## പ്രശ്നക്കിന്നരം, സമാധാനക്കിന്നരം.

പ്രശ്നങ്ങൾക്കു പരിഹാരം തേടിയുള്ള നെട്ടോട്ടത്തിലാണ് ഈ ലോകം മുഴുവനും. തേടുന്നവരും കൊടുക്കാൻ കഴിവുള്ളവരും പ്രശ്നമാണെങ്കിൽ പ്രശ്ന അരം+പ്രശ്നഅരം = പ്രശ്നകിന്നരം. തേടുന്നവരും കൊടുക്കേണ്ടവരും സമാധാനമാണെങ്കിൽ സമാധാന അരം + സമാധാന അരം = സമാധാന കിന്നരം. വേറൊരു ഭാഷയിൽ പറഞ്ഞാൽ പ്രശ്നകേന്ദ്രികൃതരീതികളും (Problem focused approach), പരിഹാരകേന്ദ്രികൃത രീതികളും (Solution focused approach) കൗൺസിലിംഗിൽ പഠനവിഷയമാണ്. 'ഒരുത്തീടെ മുമ്പിലും താഴാൻ, എന്റെ ആത്മാഭിമാനം പണയപ്പെടുത്താൻ ഞാൻ തയ്യാറല്ല' എന്നു പറഞ്ഞ ഒരുത്തനെയും, 'ഒരുത്തന്റെയും മുമ്പിൽ അടിയറവുവയ്ക്കാനുള്ളതല്ല എന്റെ ആത്മാഭിമാനം; വിട്ടുവീഴ്ചകൾക്ക് ഞാൻ തയ്യാറല്ല' എന്നു പറഞ്ഞ ഒരുത്തിയേയും എത്ര തലകുത്തിമറിഞ്ഞ്, എത്ര സ്ട്രാറ്റജിക് ആയിട്ട് പരിശ്രമിച്ചാലും ഒരു ഫാമിലി കൗൺസിലർക്ക്, മനഃശാസ്ത്രജ്ഞന് കൂട്ടിയോജിപ്പിക്കാൻ പറ്റില്ല. രണ്ടുകൂട്ടരിലും പരസ്പരം ഏറ്റുമുട്ടുന്നത് കടുത്ത വിദ്വേഷവും, ഈഗോയും, കലിപ്പും, വെറുപ്പും, മത്സരബുദ്ധിയുമാണെന്ന് അവർക്കും അറിയാം, എല്ലാവർക്കും അറിയാം. പക്ഷേ സുബോധം അതിന്റെ 'ശരിയായ അളവിൽ' ഇല്ലാത്തതുകൊണ്ട് 'പിടിച്ചിടം ജയിക്കുന്നവനാണ്, ജയിപ്പിക്കുന്നവനാണ് ധീരൻ' എന്ന് ആരോ എവിടെയോ പറഞ്ഞത് മാത്രം മനസിൽ ആവർത്തിച്ച്, കലിപൂണ്ട് പരസ്പരം ആഞ്ഞടിക്കുന്ന 'ആത്മീയ'നേതാക്കളെ നോക്കി പൊതുജനം ചോദിക്കുന്നത് പക്ഷേ തിരിച്ചാകാം... 'ഇതാ കാലുകഴുകി, മുത്തംകൊടുത്ത്, കരളുപറിക്കാൻ സ്വയം നിന്നുകൊടുത്ത്, കാലുവാരിയവനെവരെ ചേർത്തുപിടിച്ച, ആ നസ്രായന്റെ 2022 ലെ ബ്രാൻഡ് അംബാസഡേഴ്സ് തന്നെയാണോ'? എന്നാകും. ഇവരുടെ ആശാൻ പഠിപ്പിച്ചിരിക്കുന്നത് 'അടിച്ചുനേടുന്ന' മോഡലും 'ഇടിച്ചൊതുക്കലു'മല്ലല്ലോ.... പിന്നെങ്ങിനാ ബ്രോ, ഇവരിതിലിത്ര എക്സ്പെർട്ട് ആയിരിക്കുന്നത്? അപ്പോൾ ചിറയിൽ മടവീണു തുടങ്ങിയിരിക്കുന്നു എന്നാണോ ..? 'കൃഷിപോയാലും വേണ്ടില്ല, രണ്ടിലൊരാൾ വീഴും വരെ യുദ്ധം'.. അതാണോ ഇവന്മാരുടെ ഉദ്ദേശലക്ഷ്യം? ആ മോഡൽ ലോകത്തിന്റെ മോഡലല്ലേ, ആ മോഡലല്ലല്ലോ ആശാനേ, നിങ്ങടെ വല്യആശാൻ കാണിച്ചുതന്നത്' ?

## പാർട്ട് -2

ക്ലൈമാക്സ്

## നല്ല ഭാഗം സ്വന്തമാക്കാം

ബോധം.. അവബോധം

ദാനം കിട്ടിയ തങ്ങളുടെ മക്കളെ പ്രതിയും ദൈവം പത്തു പൈസ പോലും വാങ്ങാതെ ഫ്രീയായി



ത്തന്ന ഒരേയൊരു ജീവിതം തല്ലിപ്പൊളിയായിപ്പോയി നശിച്ചു പോകരുതെന്ന അവബോധം (അംമൃലിലപൈ) എപ്പൊഴോ തലമണ്ടേലയ്ക്ക് കേറിയതിനേ പ്രതിയും, ഒത്തുപോകാൻ ഞാൻ തയ്യാറായേ പറ്റൂ; എന്റെ കുടുംബത്തിനു വേണ്ടി എന്ന സുബോധം (Deep Awareness) വന്നതിനുശേഷം തുടർകൗൺസിലിംഗിനു വന്ന ഭർത്താവിനെയും ഭാര്യയെയും അവരിൽ തിരുത്തേണ്ട കാര്യങ്ങളിൽ മാറ്റം വരുത്താൻ സഹായിച്ച, അവരുടെ കുടുംബബന്ധങ്ങൾ ശക്തിപ്പെടുത്താൻ ദൈവം അനുവദിച്ച നല്ല അനുഭവങ്ങളെ ഞാൻ ഓർക്കുന്നു. ഞാൻ വീണ്ടും അത്തരം കേസുകളെക്കുറിച്ച് ചിന്തിച്ചപ്പോൾ ഓർമ്മവരുന്നത് തമ്മിലുള്ള പിണക്കങ്ങൾ മാറ്റി ദമ്പതികൾ അടുപ്പമായത് യഥാർത്ഥത്തിൽ അവരുടെ സ്നേഹം നിഷ്കളങ്കമായി മാറിയപ്പോഴാണ് (റോമ 12:9).

## തൂണിലും തുരുമ്പിലും...

ക്രിസ്തുവിന്റെ സഭയുടെ കാര്യത്തിൽ ക്രിസ്തു പറയാനാ ഗ്രഹിക്കുന്നത് 'നിങ്ങൾ അന്യോന്യം സഹോദരതുല്യം സ്നേഹിക്കുവിൻ, പരസ്പരം ബഹുമാനിക്കുന്നതിൽ ഓരോരുത്തരും മുന്നിട്ടു നിൽക്കുവിൻ, (റോമ 12:10) എന്നായിരിക്കില്ലേ? തൂണിലും തുരുമ്പിലും മുൻപിലും പുറകിലും സൈഡിലും മുകളിലും താഴെയും ഈ വിശ്വപ്രപഞ്ചം മുഴുവനും ദൈവമിരിക്കെ (ഉൽപ1:2) മുന്നോട്ടു തിരിയണോ പുറകോട്ട് തിരിയണോ എന്നുള്ളത് പരിഹരിക്കാൻ കഴിയാത്ത ഒരാഗോള പ്രശ്നമാണോ? നാട്ടുകാരെക്കൊണ്ട് വെറുതെ ചിരിപ്പിക്കല്ലേ ആ്ീ.. ആശാൻമാർക്ക് ബൈബിൾ ക്ലാസിലെടുക്കുന്ന വിഷയങ്ങൾ സമാധാനത്തോടെ വർത്തിച്ച് (റോമ 12:18) പ്രശ്നപരിഹാരത്തിന് അല്ലെ ചെയ്യുന്നതിൽ 'വല്യധാരണയൊന്നുമില്ലാല്ലേ' എന്ന് മഹേഷിന്റെ പ്രതികാര'ത്തിലെ നായികയെക്കൊണ്ട് ചോദിപ്പിക്കേണ്ടതുണ്ടോ ?

## കവലപ്പെടാതെ കൺമണീ...

സ്വന്തം കുടുംബത്തോടുള്ള പ്രതിബദ്ധതയാൽ അർപ്പണ ബോധത്തോടെ വ്യഗ്രതയിൽ അത്യദ്ധ്വാനം ചെയ്ത മർത്തയോട് കർത്താവ് പറഞ്ഞത് ഇങ്ങനെയാണ്. 'മർത്താ, മർത്താ നീ പലതിനെക്കുറിച്ചും ഉത്കണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു. (ലൂക്കാ 10:41). 'എന്തിനാ, കൊച്ചേ,എനിക്കില്ലാത്ത ദെണ്ണം നിനക്ക്' എന്നും വായിക്കാം. 'നീ കവലപ്പെടാതെ കൺമണീ' എന്നും മനസിലാക്കാം. കർത്താവ് നിർത്തിയില്ല.. 'നീയിങ്ങ്ട് വന്നേ, എന്റെ അടുത്ത് വന്നിരുന്നേ.. അതുമാത്രമല്ലേ എനിയ്ക്ക് വേണ്ടൂ.. അതു തന്നെയല്ലേ മറിയവും തെരഞ്ഞെടുത്തിരിക്കുന്നേ (ലൂക്കാ 10:42). അല്ലാണ്ടിങ്ങനെ മലമറിക്കേണ്ട വല്ല കാര്യവുമുണ്ടോ?'.

## നല്ല ഭാഗം

മർത്തയെയും എന്നെയും നമ്മളെയും നോക്കി പാൽപ്പുഞ്ചിരി പൊഴിക്കുന്ന നാഥൻ മധുരമൊഴിയായി പറയുന്നത് മേൽപ്പറഞ്ഞതാവില്ലേ...

മറിയം തെരഞ്ഞെടുത്ത നല്ല ഭാഗം നമ്മെ കാത്തിരിക്കുന്നുണ്ട്, സത്യത്തിൽ... മറുഭാഗത്ത് അവനും. ആമ്മേൻ.

വാൽക്കഷണം:

കർത്താവേ, പണ്ടു നീ പഠിപ്പിച്ച ആ പ്രാർത്ഥന,അക്ഷരം തെറ്റാതെ, കാര്യം മനസിലാക്കി, വൃത്തിക്കൊന്ന് ചൊല്ലാൻ, ഒന്നൂടെ ഒന്നു പഠിപ്പിക്കാമോ....

പറ്റ്വോ ബിഗ് ബ്രോ...
നടക്കുവോ...?!

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com